**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.T5891** **04.07.2019-ൽ മറുപടിക്ക്**

**കാസർഗോഡ്-തിരുവനന്തപുരം ദേശീയപാത വികസനം**

**ചോദ്യം**

**ശ്രീ.കെ.സി.ജോസഫ്**

**മറുപടി**
**ശ്രീ.ജി.സുധാകരൻ**
**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

(എ) കാസർഗോഡ്-തിരുവനന്തപുരം ദേശീയ പാത വികസനം അട്ടിമറിക്കുവാൻ കേന്ദ്ര സർക്കാർ ആസൂത്രിതമായ നീക്കം നടത്തുന്നതായ ആക്ഷേപം വസ്തുതാപരമാണോ; വ്യക്തമാക്കുമോ;

(എ) ആസൂത്രിതമായ നീക്കം നടത്തുന്നതായ ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടില്ല. എന്നാൽ മൂന്ന് വർഷമായി കേരളം തയ്യാറായി ഇരുന്നിട്ടും വികസനം നീട്ടിക്കൊണ്ട് പോയതിന് ന്യായീകരണമില്ല. മനപൂർവമാണ് അത് എന്ന് കരുതാവുന്നതാണ്

(ബി) ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരിന്റെ പരിധിയിൽ വരുന്ന എല്ലാ കാര്യങ്ങളും സമയബന്ധിതമായി പൂർത്തീകരി-ച്ചിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദേശീയപാത വികസനം മുഖ്യ അജണ്ടയായി കണക്കാക്കുകയും സ്ഥലമേറ്റെടുക്കൽ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനു ഉദ്യോഗസ്ഥർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതുമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ, കോഴിക്കോട്, മലപ്പുറം, തൃശ്ശൂർ എന്നീ ജില്ലകളിൽ 3D വിജ്ഞാപനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുള്ളതും, 3G അവാർഡുകൾ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. മാത്രമല്ല എറണാകുളം, ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിൽ 3D വിജ്ഞാപനങ്ങൾ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലുമാണ്.

(സി) സ്ഥലമെടുപ്പ് പൂർത്തിയാക്കിയ ഏതൊക്കെ റീച്ചുകളിലാണ് ഇതിനകം ടെണ്ടർ നടപടി പൂർത്തിയാക്കിയിട്ടുള്ളത്; വിശദമാക്കുമോ;

(സി) ദേശീയപാതാ വികസനവുമായി ബന്ധപ്പെട്ട് ടെണ്ടർ നടപടികൾ പൂർത്തിയാക്കിയിട്ടുള്ള റീച്ചുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**1.** ദേശീയപാത 66- തലപ്പാടി മുതൽ ചെങ്ങള വരെ ആറുവരിപ്പാതയായി വികസിപ്പിക്കൽ
**2.** ദേശീയപാത 66 ചെങ്ങള മുതൽ നീലേശ്വരം വരെ ആറുവരിപ്പാതയായി വികസിപ്പിക്കൽ
**3.** നീലേശ്വരം റെയിൽവേ മേൽപ്പാലം - നാലുവരിപ്പാത നിർമ്മാണം.
**4.** തലശ്ശേരി -മാഹി ബൈപ്പാസ് നാലുവരിപ്പാത നിർമ്മാണം.
**5.** കോഴിക്കോട് ബൈപ്പാസ് ആറുവരിപ്പാത നിർമ്മാണം.
6.കഴക്കൂട്ടം ഫ്ലൈഓവർ നിർമ്മാണം

| | | | |
|---|---|---|---|
| (ഡി) | ഈ സർക്കാരിന്റെ കാലത്ത് ദേശീയ പാത വികസനം പൂർത്തിയാക്കാതിരിക്കുവാൻ എന്തെങ്കിലും ശ്രദ്ധനീക്കം നടക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (ഡി) | ശ്രദ്ധയിൽപെട്ടിട്ടില്ല.എന്നാൽ ഫലത്തിൽ അങ്ങനെ സംഭവിച്ചതായി സംശയമുണ്ടാക്കിയിട്ടുണ്ട് |
| (ഇ) | സംസ്ഥാനത്തെ ദേശീയപാത വികസനം ഒന്നാം മുൻഗണന പട്ടികയിലേക്ക് മാറ്റണമെന്ന സംസ്ഥാന സർക്കാരിന്റെ ആവശ്യത്തിന്മേൽ കേന്ദ്ര സർക്കാരിന്റെ പ്രതികരണം എന്താണ്; വ്യക്തമാക്കാമോ? | (ഇ) | ദേശീയപാത അതോറിറ്റി 02.05.2019, 09.05.2019 തീയതികളിലെ NHAI/OSD to Chairman/04/19 പ്രകാരം പ്രസിദ്ധീകരിച്ച മുൻഗണനാ പട്ടികയിൽ സംസ്ഥാനത്തെ ദേശീയപാതാ വികസനം (കാസർഗോഡ് ജില്ല ഒഴികെ) high priority 1-ൽ നിന്നും high priority 2 ലേക്ക് തരം താഴ്ത്തിയിട്ടുള്ളതാണ്, പ്രസ്തുത ഉത്തരവിൽ high priority 2-ൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികളിൽ 3D വിജ്ഞാപനങ്ങൾ 3G അവാർഡുകൾ, നഷ്ടപരിഹാരതുക വിതരണം ചെയ്യൽ/കെട്ടിവെക്കൽ എന്നിവ സംബന്ധിച്ച കാര്യങ്ങളിൽ മുന്നോട്ട് പോകേണ്ടതില്ലെന്ന നിർദ്ദേശം റീജിയണൽ ഓഫീസർമാർക്ക് നൽകിയിട്ടുണ്ടായിരുന്നു. എന്നാൽ ബഹു. മുഖ്യമന്ത്രിയും പൊതുമരാമത്തുവകുപ്പ് മന്ത്രിയും കത്തുകളിലൂടെയും, 15-6-2019-ൽ കേന്ദ്രമന്ത്രി നിധിൻ ഗഡ്കരിയുമായി നേരിട്ട് ചർച്ച ചെയ്തതിന്റെയും അടിസ്ഥാനത്തിൽ priority നിശ്ചയിച്ചുകൊണ്ടുള്ള മുൻ ഉത്തരവ് റദ്ദാക്കിയതായി 18-6-2019 ലെ കത്തിലൂടെ സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ട്. നിർത്തിവെക്കാൻ തീരുമാനിച്ച പ്രവർത്തനങ്ങൾ തുടരുന്നതിനു NHAI ക്കു നിലവിൽ തടസ്സങ്ങൾ ഇല്ല. |

സെക്ഷൻ ഓഫീസർ